പുസ്തകം

●

നിഷാൻ

*9/11 ന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിനെ ചാവേർ സംസ്കാരത്തിന്റെ പ്രഭവകേന്ദ്രമായി ലോകമെമ്പാടുമുള്ള മാധ്യമ രാഷ്ട്രീയ പ്രവർത്തകർ ആഘോഷിച്ചു. ഈ പശ്ചാത്തലത്തിലാണ് തലാൽ അസദിന്റെ ON SUICIDE BOMBING പുറത്തുവരുന്നത്.*

*ഭീകരതയുടെ ചരിത്രത്തിലേക്ക് തലാൽ അസദ് നടത്തുന്ന അന്വേഷണങ്ങൾ തീർച്ചയായും ഏറെ പഠനാർഹമാണ്. മതചരിത്രത്തിലും മതേതര ചരിത്രത്തിലും അഗാധ വ്യുൽപത്തിയുള്ള അസദിന്റെ എഴുത്ത് കേരളത്തിൽ ധാരാളമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്*

# ചാവേർ ബോംബിംഗിനെക്കുറിച്ച്


**മൂന്ന്** അധ്യായങ്ങളിലായാണ് പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ഒന്നാമധ്യായത്തിൽ വിശകലനം ചെയ്യുന്നത് സംസ്കാര സംഘട്ടനവും ഭീകരതയുടെ വംശാവലിയുമാണ്. രണ്ടാമധ്യായം ആത്മഹത്യയുടെ മത-മതേതര പാരമ്പര്യങ്ങളെയും ബന്ധങ്ങളെയും കുറിച്ച വിശകലനങ്ങളാൽ സമ്പുഷ്ടമാകുന്നു.

മൂന്നാമധ്യായം ആത്മഹത്യാ ബോംബിംഗ് ഉൽപാദിപ്പിക്കുന്ന ബീഭത്സതയെ (Horror) നിർവചിക്കുന്നു; അതിന്റെ കാരണങ്ങളും ഉത്ഭവങ്ങളും കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

9/11ന് ശേഷം ബുഷ് ഭീകരതക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. എന്തുകൊണ്ടാണ് ഭീകരതക്കെതിരായ സംഘടിത അക്രമത്തെ 'യുദ്ധം' എന്നു വിളിക്കുന്നതെന്ന് അലൻബദ്യുവിന്റെ ചോദ്യം. യൂറോപ്പിൽ മുമ്പ് ഭീകരതക്കെതിരെയുള്ള നടപടികളെ 'പോലീസ് ആക്ഷൻ' എന്നാണ് വിളിച്ചിരുന്നത്. അതിപ്പോൾ 'യുദ്ധ'മായി മാറാൻ എന്താണ് കാരണം? അമേരിക്കയുടെ സാന്നിധ്യം എന്നാ

ണതിന് ഉത്തരം.

പക്ഷേ അസദ് ചോദിക്കുന്നത് മറ്റൊന്നാണ്. എന്തുകൊണ്ടാണ് സംഘടിത അക്രമങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ 'ടെററിസം' എന്ന പദം ഉയർന്നുവരുന്നത്? മുമ്പത്തെ അക്രമങ്ങൾ ദേശ രാഷ്ട്രത്തിന്റെ ചട്ടക്കൂടിനകത്തായിരുന്നു. അതു നടത്തിയ കമ്യൂണിസ്റ്റുകളും നാഷനലിസ്റ്റുകളും പുരോഗമന സെക്യുലർ ചരിത്രത്തിന്റെ ഭാഗവുമായിരുന്നു. എന്നാൽ ഇന്ന് മുസ്‌ലിം ഭീകരരെന്ന ഔട്ട് സൈഡേഴ്സ് ആണ് മുഖ്യ അപരർ. അതോടൊപ്പം ചരിത്രാഖ്യാനത്തിന്റെ സ്വീകാര്യമായ വഴിയിലല്ല ഇസ്‌ലാം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ സംഘർഷങ്ങൾ സമഗ്രാധിപത്യ മത പാരമ്പര്യത്തിന്റെ (മധ്യകാല അക്രമണോത്സുകത) ഭാഗമാവുന്നു. അന്തർദേശീയ ഭീഷണി എന്ന നിലയിൽ അതിനെ കാണുന്നു.




അങ്ങനെയാണ് നാം ജിഹാദിനെകുറിച്ച് കേൾക്കുന്നത്. യൂനിവേഴ്സിറ്റി പ്രഫസർമാരും പത്രപ്രവർത്തകരും വിശേഷിപ്പിച്ച അവിശ്വാസികൾക്കെതിരായ വിശുദ്ധ യുദ്ധം. ബർണാഡ് ലൂയിസിനെ പോലുള്ള സംസ്കാര സംഘട്ടനത്തിന്റെ വക്താക്കൾ (ഹണ്ടിംഗ്ടൺ തിസിസ് സിനോപ്സിസ് നൽകിയത് ബർണാഡ് ലൂയിസായിരുന്നു) ചരിത്രത്തിലെ ഇസ്‌ലാമും വർത്തമാന ഇസ്‌ലാമും തമ്മിലെ സാദൃശ്യത്തെക്കുറിച്ച് വിവരങ്ങൾ നൽകികൊണ്ടേയിരുന്നു. ഇവിടെ നിശ്ശബ്ദമാക്കപ്പെട്ടത് ഇസ്‌ലാമിന്റെ ബഹുസ്വര പാഠങ്ങളായിരുന്നു. പ്രവാചകന്റെ മദീനയിൽ മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്നപ്പോഴാണ് ഇസ്‌ലാമിക നാഗരിക സംവിധാനം പുലർന്നത്. ജിഹാദെന്നത് ഇസ്‌ലാമിന്റെ പ്രത്യേകതയാണെന്ന് പറയുമ്പോൾ ആദ്യകാല ഇസ്‌ലാമിക പണ്ഡിതന്മാർ ജിഹാദിന് നൽകിയ വ്യാഖ്യാന ഭേദങ്ങൾ മറച്ചുവെക്കുകയാണുണ്ടായത്. ക്രിസ്ത്യാനികളും മുസ്‌ലിംകളും വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടു തന്നെ പുലർന്നതിന് നിരവധി ചരിത്ര സാക്ഷ്യങ്ങളുണ്ട്. പറഞ്ഞുവരുന്നത്, ഏകഭാഷണ ചരിത്രാഖ്യാനത്തിലല്ല കാര്യങ്ങൾ പുലരുന്നത് എന്നാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ അതതു ചരിത്രത്തിന്റെ നിശ്ചിത ത്വങ്ങൾക്കകത്തായിരുന്നു ഇസ്‌ലാമിക ചരിത്രം. സായുധ ജിഹാദിന്റെ ഇന്നത്തെ ശൈലി കടന്നുവരുന്നത് കൊളോണിയൽ കാലഘട്ടത്തിന്റെ ആരംഭത്തിലാണ്. കമ്യൂണിറ്റിയുടെ ബാധ്യത എന്നതിൽനിന്നും വ്യക്തിബാധ്യത എന്ന നിലയിലേക്ക് സായുധ ജിഹാദ് സങ്കൽപങ്ങൾ വരുന്നത് മോഡേണിറ്റിയുടെ വ്യക്തി-സമൂഹ സംഘർഷങ്ങളുടെ ഭാഗമായായിരുന്നു.

പാശ്ചാത്യ നിരൂപകരെ സംബന്ധിച്ച് (മൈക്കൽ വാൽഡറെ വായിക്കുക) യുദ്ധം എന്നത് നിരവധി രാഷ്ട്രീയ പ്രക്രിയകളുടെ ഒടുവിലത്തെ സാധ്യതയാണ്. ഭീകരത ദേശരാഷ്ട്രത്തിന്റെ രാഷ്ട്രീയ പ്രക്രിയയെ നിഷേധിക്കുന്നു. ഭീകരതയെ ഇങ്ങനെ കാറ്റഗറൈസ് ചെയ്യുന്നതിലൂടെ സ്റ്റേറ്റ് ബന്ധിത അതിക്രമത്തിന്റെ വലിയ ക്യാൻവാസ് അദൃശ്യവൽകരിക്കുന്നു.

രണ്ടാമധ്യായത്തിൽ അസദ് ആത്മഹത്യാബോംബിഗിന്റെ അന്തപ്രേരണകൾ

അന്വേഷിക്കുകയാണ്. അതോടൊപ്പം യുദ്ധത്തെയും ആത്മഹത്യാ ബോംബിംഗിനെയും വേർതിരിക്കുന്ന ഭേദങ്ങളെ പഠിക്കുകയും ചെയ്യുന്നു. നിരവധി ചോദ്യങ്ങൾക്കകത്താണ് ഒരു ചാവേർ നിലകൊള്ളുന്നത്. (1) എപ്പോഴാണ് അയാൾ കൊല്ലണം/ കൊല്ലപ്പെടണം എന്ന ഉദ്ദേശ്യത്തിലെത്തുന്നത്? 2) കൊല്ലുക/കൊല്ലപ്പെടുക എന്നതിൽ ഏതാണ് മുന്തിയ പരിഗണനയർഹിക്കുന്നത്? 3) എന്തായിരുന്നു അയാളുടെ ചിന്താമണ്ഡലത്തിൽ? (കുടുംബാംഗങ്ങളുടെ നഷ്ടം, പറുദീസാ വാഗ്ദാനം, അധിനിവേശ വിരുദ്ധത?) 4) അതോ മറ്റുവല്ല വികാരങ്ങളും അതായത് അബോധ കാമനകളുടെ പൂർത്തീകരണം? 5) തന്റെ ലക്ഷ്യത്തെക്കുറിച്ച് അയാൾക്ക് വീണ്ടു വിചാരം തോന്നാറുണ്ടോ? 6) എങ്ങനെയാണ് ഒരാൾ മേൽപറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക! – പ്രത്യേകിച്ച് ഇര ജീവിച്ചിരിക്കാത്തേടത്തോളം കാലം?



● തലാൽ അസദ്

അസദ് പറയുന്നത് ഈ ചോദ്യങ്ങൾക്ക് ഉത്തരമുണ്ട്/ഇല്ല എന്ന ലളിത വഴിയെക്കുറിച്ചല്ല. മറിച്ച് നാം കരുതുന്നതിലേറെ സങ്കീർണമാണ് കാര്യങ്ങൾ എന്നതിനെക്കുറിച്ചാണ്.

പല അളവിലുള്ള വിശകലനങ്ങൾ ഇവിടെ അസദ് അനാവരണം ചെയ്യുന്നു. വ്യക്തിഗത മനഃശാസ്ത്ര പ്രശ്നം, സാമൂഹിക ശാസ്ത്ര–ദൈവശാസ്ത്ര പ്രശ്നം, രാഷ്ട്രീയത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും പ്രശ്നം, ചരിത്രാന്വേഷണത്തിന്റെയും രൂപപ്പെടലിന്റെയും പ്രശ്നം, മനോവിശ്ലേഷണ തലം തുടങ്ങിയ ബഹുവിധ കോണുകളിലൂടെ ഇത് വിലയിരുത്തപ്പെടുന്നു. പക്ഷേ, എല്ലാ അവലോകനങ്ങൾക്കു ശേഷവും നിരവധി ചോദ്യങ്ങൾ ബാക്കിയാവുന്നു.

സ്വയം ത്യാഗത്തിലൂടെ വിശുദ്ധമാക്കുക (crucification) എന്നത് ക്രിസ്തീയ സങ്കൽപത്തിന്റെ ഭാഗമാണ്. ആധുനികതയുടെ വംശീയ ചരിത്രത്തിനകത്ത് രൂപപ്പെട്ടതാണത്. അസദ് പറഞ്ഞ് വരുന്നത്, ലിബറൽ ആധുനികത ക്രൈസ്തവതയുടെ നിഴൽ രൂപമായാണ് കാണപ്പെടുന്നത് എന്നാണ്. ക്രിസ്തീയ സങ്കൽപത്തിലുള്ള ജീവത്യാഗവും ഇസ്‌ലാമിലെ ത്യാഗവും രണ്ടും രണ്ടാണ്. എന്നാൽ കൊളോണിയൽ മോഡേണിറ്റിയുടെ നിഴൽ വ്യാഖ്യാനമായ ക്രൈസ്തവത തന്നെയാണ് ഒരർഥത്തിൽ സമകാലിക ചാവേർ സംസ്കാരത്തെ വിലയിരുത്തുന്നത്. ഇങ്ങനെ വരുമ്പോൾ 'ചാവേർ' തന്റെ യഥാർഥ പരിസരങ്ങളിൽ നിന്നകറ്റി മാറ്റപ്പെടുകയും ഭീകരതയെക്കുറിച്ച വാർപ്പുമാതൃകകളിലേക്ക് ചുരുക്കപ്പെടുകയും ചെയ്യുന്നു.

മറ്റൊന്ന് മതപരമെന്നതിലുപരി, പ്രത്യയശാസ്ത്ര രാഷ്ട്രീയ നോട്ടക്കോണുകളിലൂടെ കാര്യങ്ങൾ കാണുവാനുള്ള ശ്രമമാണ്. ഓസ്‌ലോ–ഇറാൻ വിപ്ലവം – ഇസ്രയേൽ അധിനിവേശം തുടങ്ങിയ പ്രശ്നങ്ങൾക്ക് അകത്താണിത് വരുന്നത്. ഓസ്‌ലോ കരാർവരെ നിലനിന്നിരുന്ന മതേതര ഫലസ്ത്വീൻ എന്ന ക്ലാസിക്കൽ സങ്കൽപം, ഫലസ്ത്വീൻ അതോറിറ്റിയുടെ നഗ്നമായ ഇസ്രയേൽ പക്ഷപാതിത്വത്തോടെ

അവസാനിച്ചു. ഈ സാഹചര്യത്തിലാണ് ജനാഭിലാഷത്തിന്റെ പൂർത്തീകരണം എന്ന നിലയിൽ ഇസ്‌ലാമിസ്റ്റ് കക്ഷിയായ ഹമാസ് കടന്നു വരുന്നത്. അതുവരെ നിലനിന്നിരുന്ന ധാരണയനുസരിച്ച് ഫലസ്തീൻ മതേതരമല്ലാതാവുന്നു. അതുവരെ റിലീജ്യസ് പൊളിറ്റിക്സിന്റെ വക്താക്കൾ എന്നറിയപ്പെടുന്ന വിഭാഗ(മുസ്‌ലിം ബ്രദർഹുഡിന്റെ രാഷ്ട്രീയ രൂപം)ത്തിന് അവിടെ വേണ്ടത്ര ഇൻവോൾവ്മെന്റ് ഇല്ലായിരുന്നു. ഓസ്‌ലോ എന്ന ചതി ഇസ്‌ലാമിസ്റ്റുകളെ വളർത്തി.

സ്വാഭാവികമായും ഓസ്‌ലോ കരാറിനു ശേഷം ഫലസ്തീൻ മതഭീകരതയുടെ ഹോട്ട് സ്പോട്ടായി. രാഷ്ട്രീയ പ്രവർത്തനവും ഭീകരപ്രവർത്തനവും എന്ന് ഫലസ്തീനികളുടെ ചെറുത്തുനിൽപ് വിഭജിക്കപ്പെട്ടു. പക്ഷേ, അസദ് ഇവിടെ മൈക്കൽ വാൽസറുടെ രാഷ്ട്രീയ പ്രക്രിയയും നാഷനൽ സ്റ്റേറ്റുമായി ബന്ധപ്പെട്ട ലിബറൽ വീക്ഷണവും പുനരവതരിപ്പിക്കുന്നു. രാഷ്ട്രീയ പ്രവർത്തനത്തിനു സാഹചര്യം ലഭിക്കാത്ത ജനത ബോധപൂർവം തെരഞ്ഞെടുക്കുന്നതാണ് 'മരണം' എന്ന പരിഹാരം. അത് ദേശരാഷ്ട്രത്തിനകത്തെ രാഷ്ട്രീയ പ്രവർത്തനത്തെ തിരിച്ചു പിടിക്കാനുള്ള ബോധപൂർവമായ പ്രവർത്തനമാണ്. അത് അനിയന്ത്രിതമായ വികാരാവേശമല്ല എന്ന ഹന്ന ആർഡെന്റിന്റെ (On Violence) വീക്ഷണത്തെ ഉപജീവിച്ചാണ് അസദ് ഇതു വിവരിക്കുന്നത്.

ആത്മഹത്യാ ബോംബർ ഉൽപാദിപ്പിക്കുന്ന ഭീതിയുടെ ഉറവിടവും ഉദ്ദേശ്യവും അന്വേഷിക്കുമ്പോൾ അസദ് എത്തുന്ന നിഗമനങ്ങൾ വളരെ പ്രസക്തമാണ്. ഇസ്രയേലിൽ നടന്ന ചാവേർ സ്ഫോടനത്തിന്റെ ആഖ്യാനമെടുക്കുക. വിയറ്റ്നാമിൽ സൈനിക പ്രവർത്തനം നടത്തിയ അമേരിക്കൻ സൈനികന്റെ ആഖ്യാനമെടുക്കുക. പ്രകടമായ വ്യത്യാസങ്ങളില്ല, എന്നാൽ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ വിയറ്റ്നാമിനെക്കുറിച്ചുള്ള അമേരിക്കൻ പട്ടാളക്കാരന്റെ ആഖ്യാനത്തിൽ ഇരകളെക്കുറിച്ച് കൃത്യമായ സൂചനയില്ല. ഇസ്രയേലിൽ നടന്ന സ്ഫോടനത്തിന്റെ ആഖ്യാനത്തിൽ ഇരയെ കൃത്യമായി നിർവചിക്കുന്നുണ്ട്. ഇങ്ങനെ ഭയത്തിന്റെ പ്രകടനങ്ങളിൽ തന്നെ സൂക്ഷ്മാർഥമായ മുൻവിധികൾ ഒളിഞ്ഞിരിക്കുന്നു.

ഇസ്‌ലാം വിലക്കിയ ആത്മഹത്യ എങ്ങനെയാണ് ഇസ്‌ലാമിക ഇടപെടലുകളുടെ ഭാഗമായതെന്നന്വേഷിക്കുന്നുമുണ്ട്. ആത്മഹത്യ സോക്രട്ടീസ് മുതൽ ലിബറൽ പാരമ്പര്യത്തിന്റെ വിശാല ചരിത്രത്തിലുണ്ട്. ഈയർഥത്തിൽ സമകാലിക സംഘർഷങ്ങളുടെ (ഭീകരതയുടെ) വംശാവലി ചരിത്രമെന്നത് ലിബറൽ ആധുനികതയുടെ പാരമ്പര്യത്തിലൂന്നിയാണ് നിലനിൽക്കുന്നത്. നാഗരിക ജീവിതത്തെ ചൂഴ്ന്നു നിൽക്കുന്ന വയലൻസിന്റെ പ്രഛന്ന രൂപങ്ങളെ വിശകലനം ചെയ്യുക എന്ന പ്രയാസമേറിയ ദൗത്യമാണിവിടെ അസദ് നിർവഹിക്കുന്നത്. വിശേഷിച്ച് പൗരജീവിതത്തിന്റെ പേരിൽ നിരവധി വ്യാഖ്യാനങ്ങളും ഉപകരണങ്ങളും അധികാര വ്യവഹാരത്തിന്റെ അകമ്പടിയോടെ വയലൻസിന് നിയമസാധുത നൽകുന്ന ചരിത്ര സന്ദർഭത്തിൽ പ്രസ്തുത വീക്ഷണം ഒരു 'പൗരമതത്തിന്റെ' (Civic Religion) ആവിർഭാവത്തിനു വഴിയൊരുക്കിയിരിക്കെ വിശേഷിച്ചും. ■